# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 03.12.2018-ൽ മറുപടിക്ക്

ചോദ്യം നം. 116

### മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ<br>,, കെ. ആൻസലൻ<br>,, സി.കൃഷ്ണൻ<br>,, വി. അബ്ദുറഹിമാൻ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | പ്രകൃതിക്ഷോഭങ്ങൾ ഏറ്റവും രൂക്ഷമായി ബാധിക്കാനിടയുള്ളത് കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളെയാണെന്ന തിനാൽ അവരുടെ സുരക്ഷയ്ക്കായി പുതിയതായി ഏർപ്പെടുത്തിയിട്ടുള്ള മുന്നറിയിപ്പ് സംവിധാനങ്ങളും രക്ഷാ ഉപകരണങ്ങളും എന്തെല്ലാമാണ് അറിയിക്കുമോ; | (എ) | കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് 1500 കി.മീ.വരെ സന്ദേശം എത്തിച്ചു കൊടുക്കാൻ പര്യാപ്തമായ നാവിക് ഉപകരണം ഐ.എസ്.ആർ.ഒ.യുടെ സഹായത്തോടെ കെൽട്രോൺ നിർമ്മിച്ച് വിതരണത്തിന് തയ്യാറായിട്ടുണ്ട്. ഇതു കൂടാതെ ഘട്ടംഘട്ടമായി സാറ്റലൈറ്റ് ഫോൺ, വെസ്സൽ മോണിറ്ററിംഗ് സംവിധാനം എന്നിവയും മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിയന്തിര സന്ദർഭങ്ങളിൽ സാഗര മൊബൈൽ ആപ്ലിക്കേഷൻ വഴിയും മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പുകൾ നൽകാൻ സാധിക്കും. കൂടാതെ ജി.പി.എസ്, എച്ച്.എഫ്.,വി.എച്ച്.എഫ്., ഡാർറ്റ് എന്നീ സുരക്ഷാ ഉപകരണങ്ങളും ഘട്ടം ഘട്ടമായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി 40000 ലൈഫ് ജാക്കറ്റുകൾ നൽകുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികൾ ദിവസവും കടലിൽ മത്സ്യബന്ധനത്തിനു പോകുമ്പോഴും തിരികെയെത്തുമ്പോഴും വിവരശേഖരണത്തിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഫിഷറീസ് വകുപ്പ് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻ. ഐ.സി.) മായിചേർന്ന് വികസിപ്പിച്ചെടുത്ത 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനു പോകുമ്പോഴും തിരികെ വരുമ്പോഴുമുള്ള വിവരശേഖരണം സാധ്യമാകും. എല്ലാ മത്സ്യബന്ധന യാനങ്ങളെയും സാഗര മൊബൈൽ ആപ്ലിക്കേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കടലിലെ രക്ഷാപ്രവർത്തനത്തിനായി മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് റെസ്ക്യൂ സ്ക്വാഡ് ആരംഭിച്ചിട്ടുണ്ടോ; സ്ക്വാഡിന്റെ പ്രവർത്തനം എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എന്തെല്ലാം ആധുനിക ഉപകരണങ്ങളാണുള്ളതെന്നും വ്യക്തമാക്കുമോ? | (സി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി പരിചയ സമ്പന്നരായ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് സർക്കാർ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലാണ് കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നത്. ഓരോ ഗ്രാമത്തിലും അവിടെ ലഭ്യമായ അഞ്ച് (5 എണ്ണം) മത്സ്യബന്ധന യാനങ്ങളും ഓരോന്നിനും 3 മത്സ്യത്തൊഴിലാളികൾ വീതവും ആകെ 15 പേർ അടങ്ങുന്നതാണ് ഒരു കടൽ സുരക്ഷാ സ്ക്വാഡ് യൂണിറ്റ്. അപകട സമയത്ത് കടൽരക്ഷാ പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുന്നതിനാണ് കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നത്. അങ്ങനെ ഉപയോഗപ്പെടുത്തേണ്ടി വരുമ്പോൾ ആ കാലയളവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം അവർക്ക് നൽകുന്നതാണ്. തെരഞ്ഞെടുക്കുന്ന യാനങ്ങളിൽ ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ